"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ്- തിരുവനന്തപുരം താലൂക്കിലെ തിരുവല്ലം വില്ലേജിൽ പാച്ചല്ലൂർ റീസർവെ 613-ൽ ഉൾപ്പെട്ട വസ്തുവിൽ നിന്നും പാറകളും മരങ്ങളും വീണ് അപകട ഭീഷണിയുണ്ടാകുന്നുവെന്ന വിഷയം കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ ജിയോ ടെക്നിക്കൽ ഡിവിഷൻ മുഖാന്തിരം സാങ്കേതിക പഠനം നടത്തുന്നതിന്- തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ(എ) വകുപ്പ്**

സ.ഉ.(സാധാ) നം.430/2024/DMD തീയതി,തിരുവനന്തപുരം, 06-06-2024

---

പരാമർശം:- 1.സഉ(സാധാ) നം.120/2024/ഡിഎംഡി തീയതി 30/01/2024

2.തിരുവനന്തപുരം ജില്ലാകളക്ടറുടെ 09/02/2024 ലെ എച്ച്5-52093/17 നമ്പർ നടപടിക്രമം

3.തിരുവനന്തപുരം ജില്ലാകളക്ടറുടെ 16/05/2024 ലെ ഫിൻ6/185663/19 നമ്പർ കത്ത്

**ഉത്തരവ്**

തിരുവനന്തപുരം താലൂക്കിലെ തിരുവല്ലം വില്ലേജിൽ പാച്ചല്ലൂർ റീസർവെ 613-ൽ ഉൾപ്പെട്ട വസ്തുവിൽ നിന്നും പാറകളും മരങ്ങളും വീണ് അപകട ഭീഷണിയുണ്ടാകുന്നുവെന്ന വിഷയം കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ ജിയോ ടെക്നിക്കൽ ഡിവിഷൻ മുഖാന്തിരം സാങ്കേതിക പഠനം നടത്തുന്നതിന് 1,97,060/- രൂപ 2245-07-101-98 NV SDMF- Non Structural Mitigation എന്ന ശീർഷകത്തിൽ നിന്ന് തിരുവനന്തപുരം ജില്ലാകളക്ടർക്ക് പരാമർശം (1) പ്രകാരം അനുവദിച്ചിരുന്നു. മേൽ തുക കോളേജ് ഓഫ് എഞ്ചിനീയറിങ്ങിന്റെ അക്കൗണ്ടിലേയ്ക്ക് അനുവദിച്ച് നല്കുന്നതിന് തിരുവനന്തപുരം ജില്ലാകളക്ടർ പരാമർശം (2) പ്രകാരം അനുമതി നല്കിയിരുന്നു. മേൽ തുക കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ വിനിയോഗിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ നടപ്പ് സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രൊവിഷനിൽ നിന്ന് അനുവദിച്ച് നൽകണമെന്ന് പരാമർശം (3) പ്രകാരം തിരുവനന്തപുരം ജില്ലാകളക്ടർ ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.തിരുവനന്തപുരം താലൂക്കിലെ തിരുവല്ലം വില്ലേജിൽ പാച്ചല്ലൂർ റീസർവെ 613-ൽ ഉൾപ്പെട്ട വസ്തുവിൽ നിന്നും പാറകളും മരങ്ങളും വീണ് അപകട ഭീഷണിയുണ്ടാകുന്നുവെന്ന വിഷയം കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ ജിയോ ടെക്നിക്കൽ ഡിവിഷൻ മുഖാന്തിരം സാങ്കേതിക പഠനം നടത്തുന്നതിന് 2245-07-101-98 NV SDMF- Non Structural Mitigation എന്ന ശീർഷകത്തിൽ നിന്ന് 1,97,060/- രൂപ തിരുവനന്തപുരം ജില്ലാകളക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു. നടപ്പ് സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രൊവിഷനിൽ നിന്ന് തുക വിനിയോഗിക്കേണ്ടതും, വിനിയോഗ

സർട്ടിഫിക്കറ്റ് തിരുവനന്തപുരം ജില്ലാകളക്ടർ സർക്കാരിലേയ്ക്ക് സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

നിസ്സാർ .എ

അണ്ടർ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),(എ&ഇ) കേരള, തിരുവനന്തപുരം

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം

കമ്മീഷണർ,ദുരന്ത നിവാരണം

ജില്ലാകളക്ടർ,തിരുവനന്തപുരം

മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം

ട്രഷറി ഡയറക്ടർ,തിരുവനന്തപുരം

പൊതുജന സമ്പർക്ക വകുപ്പ്(Web and New Media)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Sivaprasad V N**
**Date: 10-06-2024 17:17:02**

സെക്ഷൻ ഓഫീസർ